സമ്മേളന റിപ്പോർട്ട്

സദ്റുദ്ദീൻ വാഴക്കാട്



# അറുപതാം വാർഷികത്തിന് വികാരോജ്വല തുടക്കം

**നാടിന്റെ** നാനാഭാഗങ്ങളിൽനിന്ന് വന്നെത്തിയ ജനസഞ്ചയത്തെ സാക്ഷിനിർത്തി, *പ്രബോധന*ത്തിന്റെ അറുപതാം വാർഷികാഘോഷ പരിപാടികൾക്ക് തുടക്കം കുറിച്ചു. ഹാജി സാഹിബ്, കെ.സി അബ്ദുല്ല മൗലവി, ടി. മുഹമ്മദ് സാഹിബ് തുടങ്ങി *പ്രബോധന*ത്തിന്റെയും പ്രസ്ഥാനത്തിന്റെയും ആദ്യകാല സാരഥികളുടെ ഓർമകളിരമ്പിയ മണ്ണിൽ, *പ്രബോധന*ത്തിന്റെ സ്നേഹജനങ്ങളും പ്രസ്ഥാനത്തിന്റെ ആദ്യതലമുറയിലെ ശേഷിക്കുന്ന കണ്ണികളും ഒത്തുചേർന്നപ്പോൾ എടയൂർ ഐ.ആർ.എസ് കാമ്പസിലെ സമ്മേളന നഗരി അക്ഷരാർഥത്തിൽ വികാരഭരിതമായി.

പ്രതികൂല കാലാവസ്ഥയെയും വാർധക്യത്തിന്റെ വിഷമ



■ടി. ആരിഫലി ■ഇഅ്ജാസ് അസ്‌ലം ■വി.കെ അലി ■പ്രഫ. കെ.പി കമാലുദ്ദീൻ

തകളെയും രോഗപീഡകളെയും തൃണവത്ഗണിച്ചാണ് വലിയൊരു ജനസഞ്ചയം ഒക്ടോബർ 2-ന് എടയൂരിലെത്തിയത്. നാടെങ്ങും മഴ തിമിർത്തു പെയ്തപ്പോൾ സമ്മേളനത്തിന്റെ വിജയത്തിൽ എല്ലാവർക്കും കടുത്ത ആശങ്കയുണ്ടായി. പക്ഷേ, അല്ലാഹുവിന്റെ അപാരമായ അനുഗ്രഹത്താൽ ഒരു അത്ഭുത ദൃഷ്ടാന്തം എന്ന് വിശേഷിപ്പിക്കാവുന്നവിധം എടയൂരിലും പരിസരങ്ങളിലും മഴ ഏറക്കുറെ മാറിനിന്നു. എങ്കിലും ഇടക്കിടെ പരീക്ഷണമെന്നോണം ചാറ്റൽമഴ പെയ്യുന്നുണ്ടായിരുന്നു. ആശംസാ പ്രസംഗം നിർവഹിച്ച കെ.പി രാമനുണ്ണി അതേക്കുറിച്ച് സൂചിപ്പിച്ചുകൊണ്ടാണ് പ്രസംഗം തുടങ്ങിയത്.

"*പ്രബോധന*വും അതിന് നേതൃത്വം നൽകുന്ന പ്രസ്ഥാനവും കടന്നുവന്ന വഴികളുടെ ഒരു ഏകദേശ ദൃഷ്ടാന്തം ഇവിടെയും എനിക്ക് കാണാൻ കഴിയുന്നു. രാവിലെ കോഴിക്കോട് പെയ്ത മഴ ഇപ്പോൾ ഇവിടെ പെയ്യുകയാണെങ്കിൽ ഈ സമ്മേളനം വല്ലാതെ അലങ്കോലപ്പെട്ട് പോകുമായിരുന്നു. ദൈവാനുഗ്രഹത്താൽ ശക്തമായ മഴ പെയ്യുന്നില്ല. എന്നാൽ *പ്രബോധന*ത്തെ ദൈവം പരീക്ഷിച്ചപോലെ എത്രമാത്രം നിങ്ങൾക്കിതിനോട് കടപ്പാടുണ്ട് എന്ന് പരീക്ഷിക്കാൻ ഇടക്കിടെ ചെറിയ മഴ പെയ്യുന്നുമുണ്ട്. ഈ മഴയെ അതിജീവിച്ചുകൊണ്ട് ഞങ്ങൾ ഞങ്ങളുടെ ദൗത്യം മുന്നോട്ടു കൊണ്ടുപോകും എന്ന ദൃഢനിശ്ചയത്തിന്റെ ദൃഷ്ടാന്തമായി ഈ സമ്മേളനം അനുഭവപ്പെടുന്നു."

തലേദിവസം രാത്രിയും സമ്മേളന ദിവസം രാവിലെയും പെയ്ത മഴയിൽ നഗരിയുടെ ഒരു ഭാഗം ചളിനിറഞ്ഞപ്പോൾ പ്രവർത്തകർ യുദ്ധകാലാടിസ്ഥാനത്തിൽ ഏതാനും മണിക്കൂറുകൾ കൊണ്ട് അതെല്ലാം കോരിക്കളയുകയും കിരങ്കൽ കോറിയിലെ പൊടിയിട്ട് നഗരി ഉപയോഗക്ഷമമാക്കുകയുമാണുണ്ടായത്. വിവിധ വകുപ്പുകളിലെ വളണ്ടിയർമാർ ചെയ്ത സേവനങ്ങൾ നന്ദിപൂർവം സ്മരിക്കാതെ വയ്യ.

പ്രതികൂല കാലാവസ്ഥയിലും സമ്മേളനത്തിനെത്തിയ ജനകൂട്ടത്തെ ഉൾക്കൊ



■പ്രഫ. പി. ഇസ്മാഈൽ ■കെ.കെ റഹീന ■പി. അബ്ദുർറഹ്മാൻ ■ടി.കെ ഉബൈദ്

ള്ളാൻ പ്രധാന നഗരിക്ക് കഴിയാതെ വന്നു. ഐ.ആർ.എസ്സിന്റെ പ്രധാന ബിൽഡിംഗിന്റെ മുന്നിലും മുകളിലെ ഹാളിലും പുതിയ ബ്ലോക്കിലെ ഹാളിലും പള്ളിയിലും സ്ഥാപിച്ച എൽ.സി.ഡി പ്രോജക്ടറുകൾ വഴിയാണ് നൂറുകണക്കിനാളുകൾക്ക് സമ്മേളനം വീക്ഷിക്കാൻ സാധിച്ചത്. പല ഭാഗങ്ങളിലും മഴ പെയ്തിരുന്നില്ലെങ്കിൽ, വന്നെത്തുന്ന ജനക്കൂട്ടത്തെ ഉൾക്കൊള്ളാൻ ഒരിക്കലും സമ്മേളന നഗരിക്ക് കഴിയുമായിരുന്നില്ല.

കേരളത്തിലെ മിക്കവാറും ജില്ലകളിൽനിന്ന് മാത്രമല്ല തമിഴ്നാട്ടിലെ കോയമ്പത്തൂരും കർണാടകയിലെ വീരാജ്പേട്ടയും ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ നിന്നും വളരെ ആവേശത്തോടെയാണ് പ്രതിനിധികൾ സമ്മേളനത്തിനെത്തിയത്. തങ്ങൾ നെഞ്ചേറ്റിയ ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ ജിഹ്വയുടെ അറുപതാം വാർഷികം വൈകാരികമായ ഒരു അനുഭൂതിയായപ്പോൾ പ്രായം തളർത്താത്ത ആവേശത്തോടെയാണ് അനേകമാളുകൾ സമ്മേളനത്തിന് സാക്ഷികളാകാനെത്തിയത്. ഹാജി സാഹിബിന്റെ നേതൃത്വത്തിൽ ജംഇയ്യത്തുൽ മുസ്തർശിദീൻ രൂപീകരണത്തിൽ പങ്കെടുത്ത വളാഞ്ചേരിയിലെ വന്ദ്യവയോധികൻ കുട്ട്യാലി സാഹിബും, അപകടത്തിൽപെട്ട് ശരീരം തളർന്ന് മൂന്നര വർഷമായി വീൽചെയറിൽ കഴിയുന്ന കണ്ണൂരിലെ ഹാറൂൻ സാഹിബും സമ്മേളനത്തിൽ പങ്കെടുക്കാനെത്തി. പ്രയാസങ്ങളും പരീക്ഷണങ്ങളും തരണം ചെയ്ത് *പ്രബോധനം* നേടിയ വളർച്ചയും കൈവരിച്ച വിജയവും കണ്ട് അവരുടെ മനസ്സ് കുളിർത്തു. കണ്ണുകൾ നിറഞ്ഞു. കൈപിടിച്ചും ആലിംഗനം ചെയ്തും ഓർമകൾ പങ്കുവെച്ചും ആനന്ദാശ്രു പൊഴിച്ചുമാണ് പ്രതിനിധികൾ പിരിഞ്ഞുപോയത്.

നിശ്ചിത സമയത്തുതന്നെ, ടി.ടി അൻവറിന്റെ ഖിറാഅത്തോടെ സമ്മേളനം ആരംഭിച്ചു. *പ്രബോധന*ത്തിന്റെ ആദ്യകാല സാരഥികളെ അനുസ്മരിച്ചുകൊണ്ട് സ്വാഗത പ്രസംഗം നടത്തിയ എഡിറ്റർ ടി.കെ ഉബൈദ് സാഹിബ് ഒരു വർഷം നീളുന്ന ആഘോഷപരിപാടികൾ സംക്ഷിപ്തമായി പരിചയപ്പെടുത്തി. വാർഷികാഘോഷ പരിപാടികളുടെ ഉദ്ഘാടനം നിർവഹിച്ചത് മുസ്‌ലിം ലീഗ് സംസ്ഥാന സെക്രട്ടറി ഇ.ടി മുഹമ്മദ് ബഷീർ എം.പിയാണ്. *പ്രബോധന*വുമായി തനിക്കുള്ള ദീർഘകാല ബന്ധവും വായനാനുഭവവും കേരള മുസ്‌ലിം ആനുകാലികങ്ങൾക്കിടയിലെ *പ്രബോധന*ത്തിന്റെ വ്യതിരിക്തതയും അദ്ദേഹം എടുത്തു പറഞ്ഞു. അധ്യക്ഷത വഹിച്ച ജമാഅത്തെ ഇസ്‌ലാമി കേരള അമീർ ടി. ആരിഫലി സാഹിബ്, *പ്രബോധന*ത്തെ ഗർഭം ചുമന്ന എടയൂർ നിവാസികളെയും പത്രത്തെ നെഞ്ചേറ്റി വളർത്തിയ വായനക്കാരെയും പ്രസ്ഥാന പ്രവർത്തകരെയും പ്രത്യേകം അഭിസംബോധന ചെയ്തുകൊണ്ടാണ് പ്രസംഗം ആരംഭിച്ചത്.

"*പ്രബോധന*ത്തിന്റെ അറുപതാം വാർഷികാഘോഷം അത്യധികം ആഹ്ലാദവും സന്തോഷവും നൽകുന്നതാണ്. മലയാളത്തിൽ പ്രസിദ്ധീകരിച്ച് അറുപത് വർഷം പൂർത്തിയാക്കുന്ന ഒരേയൊരു വാരിക *പ്രബോധന*മാണെന്നത് അഭിമാനകരമാണ്. എന്നാൽ പിന്നിട്ട വഴികൾ അനുസ്മരിക്കുന്നതോടൊപ്പം ഇനിയും മുന്നോട്ടു പോകാനുള്ള വഴികളെക്കുറിച്ച് *പ്രബോധനം* ഗൗരവത്തോടെ ചിന്തിക്കേണ്ടതുണ്ട്.

"ഇസ്‌ലാമിനെ കാലഘട്ടങ്ങളിൽ പുനരവതരിപ്പിക്കുക എന്ന ദൗത്യമാണ് ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്ക്, തജ്ദീദീ സംഘങ്ങൾക്ക് നിർവഹിക്കാനുണ്ടായിരുന്നത്. ഇന്ത്യയിൽ ജമാഅത്തെ ഇസ്‌ലാമിയും നിർവഹിച്ച പ്രധാന ദൗത്യം അതാണ്. ഇസ്‌ലാമിനെ കാലഘട്ടത്തിന്റെ ഭാഷയിൽ വിശദീകരിക്കുന്നതിലും ഭൗതിക ദർശനങ്ങൾക്കു മുമ്പിൽ ഇസ്‌ലാമിക പ്രത്യയശാസ്ത്രത്തിന്റെ അജയ്യത അവതരിപ്പിക്കുന്ന



**■ *പ്രബോധനം* പ്രചാരണ കാമ്പയിനിൽ ഒന്നും രണ്ടും സമ്മാനത്തിനർഹരായ വളപട്ടണം, ചുള്ളിക്കൽ ജമാഅത്ത് ഘടകങ്ങളുടെ പ്രതിനിധികൾ അബ്ദുൽ അഹദ് തങ്ങളിൽനിന്നും, കെ.എ സാജിദ് കെ.പി രാമനുണ്ണിയിൽനിന്നും അവാർഡ് സ്വീകരിക്കുന്നു**

തിലും ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ, നാവായി നിലകൊണ്ട പത്രമാണ് *പ്രബോധനം.* 1941-ൽ *പ്രബോധനം* പ്രസിദ്ധീകരണം ആരംഭിക്കുന്നതിനു മുമ്പ് കേരളത്തിലെ സാധാരണക്കാരായ ജനങ്ങൾക്ക് ഇസ്‌ലാമിനെക്കുറിച്ച് മനസ്സിലാക്കാൻ കഴിയുമായിരുന്നില്ല. അമുസ്‌ലിംകൾക്ക് അശേഷം മനസ്സിലാക്കാൻ കഴിയുമായിരുന്നില്ല. അവർക്ക് മനസ്സിലാവുന്ന ഭാഷയിലായിരുന്നില്ല, അറബി ഭാഷയിലോ അറബിമലയാളത്തിലോ ആയിരുന്നു ദീനീ വിഷയങ്ങൾ അവതരിപ്പിച്ചിരുന്നത്. മലയാളത്തിലുള്ളവയുടെ തന്നെ ഉള്ളടക്കമോ ഭാഷയോ വാചകഘടനയോ പുതിയ കാലത്തെ മുസ്‌ലിമിനോ സഹോദര സമുദായക്കാർക്കോ മനസ്സിലാക്കാൻ കഴിയുന്നതായിരുന്നില്ല. ആധുനിക വിഷയങ്ങളെയോ ദർശനങ്ങളെയോ അഭിസംബോധന ചെയ്യാൻ ഒട്ടും സാധിക്കുന്നതായിരുന്നില്ല മലയാളത്തിലെ മുസ്‌ലിം പ്രസിദ്ധീകരണങ്ങളുടെ ഭാഷ. ആധുനിക കാലത്തിന്റെ ഭാഷയിൽ ഇസ്‌ലാമിനെ അവതരിപ്പിച്ചുവെന്നതാണ് *പ്രബോധനം* നിർവഹിച്ച ഏറ്റവും വലിയ നേട്ടം. ഈ നേട്ടം ലോകമെങ്ങുമുള്ള മലയാളികളുടെ കൈകളിലേക്ക് *പ്രബോധന*ത്തെ എത്തിക്കാൻ അത്യധ്വാനം ചെയ്ത പ്രവർത്തകർക്കും പ്രചാരകർക്കും അവകാശപ്പെട്ടതാണ്. ഇത് ചുമലിലേറ്റിയും തലയിലേറ്റിയും വിതരണം ചെയ്ത എല്ലാവരും മലയാള ഭാഷ വായിക്കാനറിയുന്നവരായിരുന്നില്ല. വായിക്കാനറിയുന്നവരിൽ പലർക്കും *പ്രബോധന*ത്തിന്റെ ഭാഷ മനസ്സിലാകുമായിരുന്നില്ല. പീടികക്കോലായിലും പള്ളി മൂലയിലും പുകപിടിച്ച ഓഫീസുകളിലുമിരുന്ന് ചർച്ച നടത്തി *പ്രബോധന*ത്തിന്റെ ഉള്ളടക്കം മനസ്സിലാക്കിയ സാധാരണക്കാരാണ് *പ്രബോധന*ത്തെ വളർത്തിയത്. അവരാണ് ഇതിനെ നെഞ്ചേറ്റിയവർ, ഇതിന് വായുവും വെള്ളവും നൽകിയവർ. അവരെ ഈ സന്ദർഭത്തിൽ ഞാൻ ഓർക്കുകയാണ്. അവർക്ക് വേണ്ടി പ്രാർഥിക്കുകയാണ്.

"*പ്രബോധന*ത്തിന് ഇനിയും  നീണ്ട വഴികൾ താണ്ടിക്കടക്കാനുണ്ട്. പുതിയ



**■ സദ്‌റുദ്ദീൻ വാഴക്കാട് ■ പ്രഫ. കെ.ടി ഹംസ ■ ഹാറൂൻ കണ്ണൂർ ■ അശ്‌റഫ് കീഴുപറമ്പ്, അബ്ദുർറഹ്മാൻ കുരിക്കൾ**

പ്രവണതകളെ, ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ വെല്ലുവിളികളെ, പോസ്റ്റ് മോഡേണിസത്തിന്റെ സാധ്യതകളെയും വെല്ലുവിളികളെയും ഒരുപോലെ നേരിട്ടുകൊണ്ട്, ഇസ്‌ലാമിക ദർശനത്തെ വികസിപ്പിച്ചെടുത്തുകൊണ്ട് പുതിയ കാലത്തെ മറികടക്കാനുള്ള ശേഷി *പ്രബോധനം* ആർജിച്ചെടുക്കേണ്ടതുണ്ട്. അത് നിർവഹിക്കാൻ *പ്രബോധന*ത്തിന് കഴിയും എന്ന് നമുക്ക് ആശിക്കാം. പുതിയ കാലത്തെയും പുതിയ ലോകത്തെയും അഭിമുഖീകരിക്കാവുന്ന നിലവാരത്തിലേക്കാണ് *പ്രബോധനം* പുരോഗമിച്ചുകൊണ്ടിരിക്കുന്നത്. അത് *പ്രബോധന*ത്തെ നെഞ്ചേറ്റിയ പ്രവർത്തകരും മനസ്സിലാക്കേണ്ടതാണ്"- അമീർ പറഞ്ഞു.

ദൽഹിയിൽനിന്ന് പുറത്തിറങ്ങുന്ന *റേഡിയൻസ്* ഇംഗ്ലീഷ് വാരികയുടെ എഡിറ്ററും ജമാഅത്തെ ഇസ്‌ലാമി കേന്ദ്ര കൂടിയാലോചനാ സമിതിയംഗവുമായ ഇഅ്ജാസ് അഹ്മദ് അസ്‌ലം സാഹിബായിരുന്നു സമ്മേളനത്തിലെ മുഖ്യാതിഥി. മൗദൂദി സാഹിബ് രംഗത്ത് വരികയും ജമാഅത്തെ ഇസ്‌ലാമി പിറന്നുവീഴുകയും ചെയ്ത സാഹചര്യം വിശദീകരിച്ചുകൊണ്ടാണ് ഇഅ്ജാസ് അസ്‌ലം സാഹിബ് സംസാരിച്ചത്. തുർക്കിയിലെ ഇസ്‌ലാമിക ഖിലാഫത്തിന്റെ തകർച്ച, രണ്ടാം ലോകയുദ്ധം, മുസ്‌ലിം നാടുകളിലെ അധിനിവേശം തുടങ്ങിയവ വഴി മുസ്‌ലിം സമൂഹം ദുർബലരും ചകിതരുമാവുകയും ഇസ്‌ലാം അനാഥമാവുകയും ചെയ്ത സാഹചര്യത്തിലായിരുന്നു മൗദൂദിയുടെ രംഗപ്രവേശം. അദ്ദേഹത്തിന്റെ തൂലികയാണ് ഇന്ത്യാ ഉപഭൂഖണ്ഡത്തിൽ ഇസ്‌ലാമിന് നവജീവൻ നൽകിയത്, ജമാഅത്തെ ഇസ്‌ലാമിയുടെ പിറവിക്ക് നായകത്വം വഹിച്ചത്. മൗദൂദിയുടെ ചിന്തകളും ജമാഅത്തിന്റെ സന്ദേശവും ഏറ്റുവാങ്ങി കേരളത്തിലെത്തിയ ഹാജി സാഹിബാണ് 1949-ൽ *പ്രബോധനം* ആരംഭിച്ചത്.

പത്തു വർഷക്കാലം എടയൂരിൽനിന്ന് പ്രസിദ്ധീകരിച്ച *പ്രബോധനം* പിന്നീട് കോഴിക്കോട്ടേക്ക് ആസ്ഥാനം മാറ്റുകയായിരുന്നു. കേരളത്തിലെ ഇസ്‌ലാമിക പരിവർത്തനത്തിനും വിപ്ലവത്തിനും വലിയ സംഭാവനയാണ് *പ്രബോധനം* നൽകിയത്- അദ്ദേഹം പറഞ്ഞു. ചേന്ദമംഗല്ലൂർ ഇസ്‌ലാഹിയാ കോളേജ് പ്രിൻസിപ്പൽ പ്രഫ. കെ.പി കമാലുദ്ദീൻ അദ്ദേഹത്തിന്റെ പ്രസംഗം പരിഭാഷപ്പെടുത്തി.

ആശംസാ പ്രസംഗം നിർവഹിച്ച മഞ്ഞളാംകുഴി അലി എം.എൽ.എ *പ്രബോധനം* ഒന്നാം ലക്കത്തിന്റെ മുഖപ്രസംഗത്തിലെ വാചകങ്ങൾ ഓർമിച്ചുകൊണ്ടാണ് സംസാരം ആരംഭിച്ചത്. ദൃശ്യമാധ്യമ രംഗത്തേക്ക് പ്രസ്ഥാനം കടന്നുവരണമെന്ന അദ്ദേഹത്തിന്റെ നിർദേശത്തെ നിറഞ്ഞ കൈയടികളോടെയാണ് സദസ്സ് ഏറ്റുവാങ്ങിയത്. അധ്യക്ഷത വഹിച്ച ഹൽഖാ അമീർ ടി. ആരിഫലി സാഹിബ് അദ്ദേഹത്തിന്റെ നിർദേശത്തോട് ഇങ്ങനെ പ്രതികരിച്ചു: "നമ്മുടെ എല്ലാവരുടെയും മനസ്സിലുള്ള ആഗ്രഹമാണ് ബഹുമാന്യനായ മഞ്ഞളാംകുഴി അലി ഇവിടെ പ്രകാശിപ്പിച്ചിട്ടുള്ളത്. ഈ സമ്മേളനത്തിൽ ഏറ്റവും വലിയ കൈയടിയോടെ നിങ്ങൾ സ്വീകരിച്ചിട്ടുള്ളതും ആ അഭിപ്രായ പ്രകാശനത്തെയാണ്. അറുപത് വർഷം *പ്രബോധനം* നിർവഹിച്ച ദൗത്യം നിർവഹിക്കുന്ന, എന്നാൽ പുതിയ കാലത്തിന്റെ പ്രവണതകളെ ഉൾക്കൊള്ളുകയും വെല്ലുവിളികളെ നേരിടുകയും ചെയ്യുന്ന, സാംസ്കാരിക സ്വഭാവമുള്ള ഒരു ദൃശ്യമാധ്യമത്തിന് തുടക്കം കുറിക്കണം എന്ന് നാം ആഗ്രഹിക്കുന്നു. അല്ലാഹു അനുഗ്രഹിച്ചാൽ തുടക്കത്തിൽ *പ്രബോധന*ത്തിന്റെ ദൗത്യം നിർവഹിക്കുന്ന ഒരു സാംസ്കാരിക മാധ്യമവും, പിന്നീട് *മാധ്യമ*ത്തിന്റെ ദൗത്യം നിർവഹിക്കുന്ന ഒരു വാർത്താ മാധ്യമവും ദൃശ്യമാധ്യമരംഗത്ത് ഉണ്ടാകും."

ജമാഅത്തെ ഇസ്‌ലാമി കൂടിയാലോചനാ സമിതിയംഗവും *പ്രബോധനം* മുൻ

പത്രാധിപരുമായ ടി.കെ അബ്ദുല്ല  സാഹിബ് മുഖ്യ പ്രഭാഷണം നടത്തി. കെ.പി രാമനുണ്ണി, കെ.ടി ജലീൽ എം.എൽ.എ, വി.കെ അലി, പ്രഫ. പി. ഇസ്മഈൽ, പി. അബ്ദുർറഹ്മാൻ, കെ.കെ റഹീന എന്നിവർ ആശംസകൾ അർപ്പിച്ചു. അറുപതാം വാർഷികത്തിന്റെ എംബ്ലം രൂപകൽപന ചെയ്ത ആലുവ കെ.എ സാജിദിനുള്ള ക്യാഷ് അവാർഡ് കെ.പി രാമനുണ്ണിയും, 2008-2009 കാലത്തെ *പ്രബോധനം* കാമ്പയിനിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടിയ ജമാഅത്തെ ഇസ്‌ലാമി വളപട്ടണം, ചുള്ളിക്കൽ ഹൽഖകൾക്കുള്ള ക്യാഷ് അവാർഡുകൾ (യഥാക്രമം 5000, 3000) കെ.എം അബ്ദുൽ അഹദ് തങ്ങളും വിതരണം ചെയ്തു. ഇഖ്ബാൽ എടയൂർ രചിച്ച സ്വാഗതഗാനം സഹ്‌ല നസ്‌റിൻ, അഫീഹ, നാജിയ, നജ്‌വ, റാശിദ എന്നിവർ ചേർന്ന് ആലപിച്ചു. സമ്മേളന ജനറൽ കൺവീനർ പ്രഫ. കെ.ടി ഹംസ നന്ദി പറഞ്ഞു. ■